**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1588** **11-10-2024 - ൽ മറുപടിയ്ക്ക്**

**കാർഷിക മേഖലയുടെ സമഗ്ര പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ മാത്യു ടി. തോമസ്,<br>ശ്രീ. കെ.പി.മോഹനൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാർഷിക മേഖലയുടെ സമഗ്ര പുരോഗതിക്കായി പ്രത്യേക പദ്ധതി നടപ്പാക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | കാർഷിക ഉല്പാദനം വർദ്ധിപ്പിക്കുവാനും സുസ്ഥിരവികസന ലക്ഷ്യങ്ങൾ നേടുന്നതിനും സംസ്ഥാനത്തെ കാർഷിക രംഗം സ്വയംപര്യാപ്തമാക്കുന്നതിന് വേണ്ടിയും കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളെല്ലാം തന്നെ ഉല്പാദനവും ഉല്പാദനക്ഷമതയും വർധിപ്പിക്കുന്നതിന് വേണ്ടി ശ്രദ്ധ കേന്ദ്രീകരിക്കുന്നുണ്ട്. കർഷകരുടെ വരുമാനം, സുസ്ഥിരത, ഭക്ഷ്യസുരക്ഷ, പാരിസ്ഥിതിക സ്ഥിരത എന്നിവ മെച്ചപ്പെടുത്തുന്നതിന് വിള-കേന്ദ്രീകൃത സമീപനത്തിന്റെ അപര്യാപ്തത കണക്കിലെടുത്തുകൊണ്ട് ലഭ്യമായ വിഭവങ്ങൾ സുസ്ഥിരമായ രീതിയിൽ കാര്യക്ഷമമായും വിവേചനാപരവുമായി ഉപയോഗിക്കുന്നതിനും ഉറപ്പായ വരുമാനം കർഷകർക്ക് ലഭിക്കുന്നതിനുമായി വിള അടിസ്ഥാനമാക്കിയുള്ള വികസനത്തിൽ നിന്നും കൃഷിയിടാധിഷ്ഠിത (ഫാം പ്ലാൻ) വികസന സമീപനത്തിന് തുടക്കമിട്ടു.<br><br>കൃഷി വകുപ്പ്, തദ്ദേശ സ്വയം ഭരണ വകുപ്പ്, മറ്റു അനുബന്ധ വകുപ്പുകൾ എന്നിവയുടെ ഏകോപനത്തിലൂടെ കാർഷിക മേഖലയുടെ സമഗ്ര പുരോഗതി ലക്ഷ്യമിട്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതിയാണ് "കൃഷി സമൃദ്ധി". ഒന്നാം ഘട്ടത്തിൽ 107 കൃഷി ഭവനുകളെ തെരെഞ്ഞെടുത്ത് അവിടുത്തെ പാരിസ്ഥിതിക പ്രത്യേകതകൾക്കനുസരിച്ച് സാധ്യമായ എല്ലാ ധനസ്രോതസ്സുകളും സംയോജിപ്പിച്ച്, കൃഷി അനുബന്ധ വകുപ്പുകളെ ഏകോപിപ്പിച്ച് കൊണ്ട് പദ്ധതി നടപ്പിലാക്കുന്നതിന് ലക്ഷ്യമിടുന്നത്. |

| | | | |
|---|---|---|---|
| | | | പഴം പച്ചക്കറി ഉല്പാദനത്തിൽ സ്വയം പര്യാപ്തത, തരിശ് രഹിതമാക്കുക, കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, ആധുനിക കൃഷി രീതികൾ പ്രചരിപ്പിക്കുക, വിള വൈവിധ്യം പ്രോത്സാഹിപ്പിക്കുക, കൃഷിക്കൂട്ടങ്ങളെ ശക്തിപ്പെടുത്തുക, കാർഷിക ഉത്പാദക സംഘങ്ങൾക്ക് രൂപം കൊടുക്കുക, മൂല്യവർദ്ധന സംഘങ്ങളെ പ്രോത്സാഹിപ്പിക്കുക, കാർഷിക വിപണനം ശക്തിപ്പെടുത്തുക, കാർഷിക വായ്പകൾ ആവശ്യമുള്ളവർക്ക് അത് താമസംവിനാ തരപ്പെടുത്തി നൽകുക എന്നീ ലക്ഷ്യങ്ങൾ മുൻ നിർത്തി ഓരോ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും ഒരു മൈക്രോപ്ളാൻ തയ്യാറാക്കി അത് വിവിധ വകുപ്പുകളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളുടെയും സംയോജനത്തിലൂടെ നടപ്പാക്കുക എന്ന രീതിയിലാണ് അത് ചിട്ടപ്പെടുത്തിയിരിക്കുന്നത്.<br><br>തരിശുഭൂമികളും, ഇടവിള കൃഷിയ്ക്കായുള്ള പ്രദേശങ്ങളും ഘട്ടം ഘട്ടമായി കൃത്യമായ രീതിയിൽ വിനിയോഗിച്ച് ആധുനിക കൃഷി രീതികൾ അവലംബിച്ച് ഉത്പാദനവും അതിലൂടെ കാർഷിക വരുമാനവും വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിട്ടു കൊണ്ട് കൃഷി വകുപ്പ് ആവിഷ്കരിച്ച പദ്ധതിയാണ് New Agriculture Wealth Opportunities – Driving Horticulture Agribusiness Networking (NAWO-DHAN). ഉപയോഗിക്കാതെ കിടക്കുന്ന തരിശുനിലങ്ങൾ കർഷകർക്ക്/ കർഷക സംഘങ്ങൾക്ക് ലഭ്യമാക്കി അവർക്ക് ആവശ്യമായ ഉൽപാദക ഉപാധികളും യന്ത്രങ്ങളും, സാങ്കേതിക മാർഗ്ഗനിർദേശങ്ങളും നൽകി ആധുനിക കാർഷിക രീതികൾ പ്രോത്സാഹിപ്പിക്കുന്നതിലൂടെ സംസ്ഥാനത്തെ പച്ചക്കറി ഉത്പാദനവും പഴവർഗ്ഗങ്ങളുടെ ഉത്പാദനവും ഉയർത്തുവാനും കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും കൂടുതൽതൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുവാനും ഇതിലൂടെ സാധിക്കും |
| (ബി) | കാർഷിക മേഖല പുനരുദ്ധരിക്കുന്നതിന് പ്രത്യേക കേന്ദ്ര പദ്ധതി ആവശ്യപ്പെടുമോ; എങ്കിൽ അതിന് എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | സംസ്ഥാനത്തിന്റെ പ്രധാന കാർഷക ജില്ലകളായ വയനാട്, ഇടുക്കി,കോഴിക്കോട് എന്നിവിടങ്ങളിൽ പ്രകൃതിക്ഷോഭം മൂലം കനത്ത കൃഷിനാശം സംഭവിച്ചതിന് കേന്ദ്ര ധന സഹായം ആവശ്യപ്പെടുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.കൂടാതെ കേന്ദ്ര സർക്കാർ നിലവിൽ നടപ്പിലാക്കി വരുന്ന കേന്ദ്ര സംസ്ഥാന പദ്ധതികളുടെ വിഹിതം വർദ്ധിപ്പിക്കുന്നതിനും ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ